പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5635 27.03.2018-ലെ മറുപടിക്ക്

## സർവ്വീസ് നിർത്തലാക്കിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ

ചോദ്യം

ശ്രീ. പി. ഉണ്ണി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലാണെന്ന കാരണത്താൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ സർവ്വീസ് നടത്തിയിരുന്ന എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകളാണ് നിർത്തലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 69 സർവീസുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തിലാക്കിയിട്ടുള്ളത്. വരുമാന കുറവും, ജീവനക്കാരുടെ കുറവും മൂലമാണ് ടി സർവ്വീസുകൾ നിർത്തലാക്കിയത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ എത്ര സർവ്വീസുകൾ പുനഃസ്ഥാപിച്ചു; വിശദാംശം നൽകാമോ; | (ബി) | 5 സർവ്വീസുകൾ പുന:സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ശ്രീകൃഷ്ണപുരം - പാലക്കാട് റൂട്ടിലോടിയിരുന്ന കെ. എസ്. ആർ. ടി. സി. ബസ്സ് എന്നാണ് നിർത്തലാക്കിയത്; നിർത്തലാക്കിയതിന്റെ കാരണം വിശദീകരിക്കാമോ; | (സി) | വരുമാനക്കുറവ് മൂലം 17.11.2012-ൽ നിർത്തലാക്കി. |
| (ഡി) | പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എപ്പോൾ സർവ്വീസ് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ നഷ്ടത്തിൽ നടത്തുന്ന ബസ് സർവ്വീസുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പുന:സ്ഥാപിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ